LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരം

204(3127) ശ്രീ. വി. ശശി :താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രയുക അനുവദിച്ചു ; പ്രസ്തുത യുക ചെലവഴിച്ചിട്ടുണ്ടോ ; പ്രസ്തുത മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 100% C.S.S ആയി 2.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത യുക നിർമ്മാണ ഏജൻസിയായ പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് പിഴ

205(3128) ശ്രീ. രാജു എബ്രഹാം :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് ലീഗൽ മെട്രോളജി വകുപ്പ് 2000 രൂപ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാർ നിർദ്ദേശപ്രകാരമാണോ ഇത്തരത്തിൽ പിഴ ഈടാക്കുന്നത് ;

(ബി) മുദ്രപതിപ്പിക്കാത്ത ഓട്ടോറിക്ഷകൾക്ക് 2000 രൂപ പിഴ ഈടാക്കാൻ എന്തെങ്കിലും നിയമഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) പാവപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് താങ്ങാനാവുന്നതിലും അപ്പുറമുള്ള ഫൈൻ ഒഴിവാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ; ഓട്ടോറിക്ഷാക്കാരിൽ നിന്നും 2000 രൂപ ഫൈൻ വാങ്ങരുത് എന്ന് വകുപ്പുതല ഉദ്യോഗസ്ഥർക്ക് സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടോ ;